**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 186** **13-02-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയുടെ സാധ്യതകളും വെല്ലുവിളികളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയുടെ സാധ്യതകളും നേരിടുന്ന വെല്ലുവിളികളും ചർച്ച ചെയ്യുന്നതിനായി സംഘടിപ്പിക്കപ്പെട്ട സഹകരണ കോൺഗ്രസ്സിൽ ഉയർന്ന് വന്നിട്ടുള്ള നിർദ്ദേശങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 2024 ജനുവരി 21, 22 ദിവസങ്ങളിലായി നടത്തപ്പെട്ട സഹകരണ കോൺഗ്രസ്സിൽ ഉയർന്ന് വന്നിട്ടുള്ള നിർദ്ദേശങ്ങൾ സംസ്ഥാന സഹകരണ യൂണിയന്റെ പരിഗണനയിലാണ്. ആയത് ചർച്ച ചെയ്ത് ഉചിതമായ നിർദ്ദേശങ്ങൾ സംസ്ഥാന സഹകരണ യൂണിയൻ സമർപ്പിക്കുന്ന മുറയ്ക്ക് സഹകരണ മേഖലയ്ക്ക് അനുഗുണവും സമകാലീന സാഹചര്യങ്ങളിൽ കാലോചിതവും ആയ തീരുമാനങ്ങൾ അതിന്മേൽ സ്വീകരിക്കുന്നതാണ്. |
| (ബി) | സഹകരണ വൈജ്ഞാനിക മേഖലയുടെ പുരോഗതിക്കായി സഹകരണ സർവ്വകലാശാല രൂപീകരിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സ്ഥാപനം താത്പര്യം അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സഹകരണ വൈജ്ഞാനിക മേഖലയുടെ പുരോഗതിക്കായി സഹകരണ മേഖലയിൽ ഒരു സർവ്വകലാശാല രൂപീകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുള്ള വിഷയമാണ്. ഇതുമായി ബന്ധപ്പെട്ട് ഒരു സ്ഥാപനവും താത്പര്യം അറിയിച്ചിട്ടില്ല. |
| (സി) | ഭരണഘടനാപരമായ അധികാര പരിധി ലംഘിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് പൊതു ബൈലോ രൂപീകരിക്കുന്നതിനുള്ള നീക്കം കേന്ദ്ര സർക്കാർ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്.<br><br>കേന്ദ്ര സഹകരണ മന്ത്രാലയം രാജ്യത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും പൊതുവായി ഒരു മാതൃകാ നിയമാവലി തയ്യാറാക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ കരട് മാതൃകാ ബൈലോയിലെ വ്യവസ്ഥകൾ സംബന്ധിച്ച് സംസ്ഥാനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞതിൽ സംസ്ഥാന സഹകരണ നിയമത്തിന് വിരുദ്ധമായ വ്യവസ്ഥകളിൽ കേരളത്തിന്റെ അഭിപ്രായവും ഭേദഗതികളും അറിയിക്കുകയുമുണ്ടായി. എന്നാൽ പ്രസ്തുത അഭിപ്രായങ്ങൾ പരിഗണിക്കാതെ അംഗീകരിച്ച മാതൃകാ ബൈലോ സംസ്ഥാനങ്ങളിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതിനായി നൽകണമെന്ന് അറിയിച്ചു കൊണ്ട് മാതൃകാ നിയമാവലിയുടെ പകർപ്പ് അയച്ചു നൽകിയിരുന്നു. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും സെപ്റ്റംബർ 2023 നകം ടി മാതൃകാ ബൈലാ സ്വീകരിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. എന്നാൽ സംസ്ഥാന സഹകരണ നിയമത്തിനും ചട്ടത്തിനും വിരുദ്ധമായ വ്യവസ്ഥകൾ ഉള്ള പ്രസ്തുത മാതൃകാ നിയമാവലി സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് സ്വീകരിക്കുന്നതിന് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ